

3 നോവലൈറ്റ്

# മാന്ത്രികക്കണ്ണാടിയും സ്നോവൈറ്റും

**ഗ്രിം ബ്രദേഴ്സ്**
**പുനരാഖ്യാനം: വർഷിണി വിനോദിനി**

നേരം വെളുത്തപ്പോൾ, ഉറക്കമുണർന്ന സ്നോവൈറ്റ് കുള്ളന്മാരെ കണ്ട കാഴ്ചയിൽ ഭയപ്പെട്ടു. എന്നാൽ അവരുടെ സ്നേഹസമ്പന്നമായ സംസാരവും പെരുമാറ്റവും ആ പെൺകുട്ടിക്ക് ആശ്വാസം നൽകി.

സ്നോവൈറ്റിന്റെ പേരും മറ്റു വിവരങ്ങളും ചോദിച്ചറിയുവാൻ കുള്ളന്മാർക്ക് ഉത്സാഹമായി.

"എന്റെ പേര് സ്നോവൈറ്റ് എന്നാണ്." അവൾ മറുപടി നൽകിത്തുടങ്ങി.

"ഞങ്ങളുടെ വീട്ടിൽ നീ എങ്ങനെ എത്തിപ്പെട്ടു?" അവരിൽ ഒരാൾ ചോദിച്ചു.

സ്നോവൈറ്റിനപ്പോൾ തന്റെ കഥ മുഴുവൻ അവരോട് വിവരിക്കേണ്ടതായി വന്നു.

രണ്ടാനമ്മയുടെ ക്രൂരമായ സമീപനവും, മരങ്ങൾക്കും മൃഗങ്ങൾക്കുമിടയിലൂടെയുള്ള അലച്ചിലും അവസാനം കുള്ളന്മാരുടെ വീടിനുമുന്നിൽ എത്തിപ്പെട്ടതുമെല്ലാം സ്നോവൈറ്റ് വള്ളിപുള്ളി വിടാതെ അവരോട് പറഞ്ഞു.

ആ കദനകഥ കേട്ട് മനസ്സലിഞ്ഞ കുള്ളന്മാർ അല്പനേരത്തെ ചർച്ചക്കുശേഷം ചോദിച്ചു:

"നിനക്ക് ഞങ്ങളുടെ വീട് സൂക്ഷിപ്പുകാരിയായി ഇവിടെ തങ്ങുന്നതിൽ വിരോധമുണ്ടോ?"

"ഞങ്ങളുടെ കിടപ്പറ ഒരുക്കുക, അത്താഴം പാകം ചെയ്യുക, തുന്നൽ പണികൾ ചെയ്യുക, തുണികൾ കഴുകുക, സാധന സാമഗ്രികൾ അതത് ഇടങ്ങളിൽ ക്രമീകരിക്കുക എന്നീ ജോലികൾ ചെയ്യാൻ തയ്യാറാണോ?

എങ്കിൽ യാതൊരു വിധ ഉപദ്രവങ്ങളുമേൽക്കാതെ നിനക്കിവിടെ കഴിയാം."

''ഓഹ്... വളരെ സന്തോഷം, ഞാനീ ജോലികൾ കൃത്യമായി നിർവഹിക്കാൻ ശ്രമിക്കാം. ''സ്നോവൈറ്റ് സമ്മതിച്ചു.

അങ്ങനെ ആ കൊച്ചുവീട്ടിൽ താമസ സൗകര്യം ലഭിച്ച സ്നോവൈറ്റ് വീട്ടുജോലികളെല്ലാം വളരെ ആത്മാർത്ഥതയോടെ ചെയ്തുപോന്നു.

ഖനിത്തൊഴിലാളികളായ ഏഴ് കുള്ളന്മാർ മലമുകളിൽ നിന്ന് തിരിച്ചെത്തുമ്പോഴേക്കും അവർക്കുള്ള അത്താഴവും കിടക്കയും അവൾ ഒരുക്കിവെച്ചു.

സന്തോഷം നിറഞ്ഞ ദിനങ്ങൾ കഴിഞ്ഞു പോകുന്നുണ്ടെങ്കിലും കുള്ളന്മാർ എന്നും രാവിലെ സ്നോവൈറ്റിനോട് കരുതലോടിരിക്കാൻ താക്കീത് നൽകി.

''ഏതു നിമിഷം വേണമെങ്കിലും നിന്റെ രണ്ടാനമ്മ ഈ പാർപ്പിടം കണ്ടെത്താം. അതുകൊണ്ട് പകൽ സമയങ്ങളിൽ വീടിനു പുറത്ത് പോവാതിരിക്കുക.''

അവരില്ലാത്ത നേരങ്ങൾ സ്നോവൈറ്റിന് അപകടം നിറഞ്ഞതാണെന്ന് അവർക്ക് അറിയാമായിരുന്നു.

സ്നോവൈറ്റിന്റെ മരണശേഷം തന്റെ സൗന്ദര്യത്തെ വെല്ലുവിളിക്കാൻ ആരുമില്ല എന്ന് രാജ്ഞി അഹങ്കരിച്ചു. ആ ഹുങ്കോടെ അവർ വീണ്ടും കണ്ണാടിയോടായി ചോദിച്ചു:

''കണ്ണാടീ, മുഖക്കണ്ണാടീ,

ഈ ലോകത്തിൽ അതിസുന്ദരിയായവൾ ആരാണ്?''

ആ ചോദ്യത്തിന് കണ്ണാടി മറുപടി നൽകി:

''മനോഹരിയായ രാജ്ഞിയേ..

ഈ ഗോപുരത്തിൽ നിങ്ങളെ പോലെ സുന്ദരി മറ്റാരുമില്ല.

എന്നാൽ അകലെ മാമലകൾക്ക് അപ്പുറത്ത്
വിചിത്ര കുള്ളന്മാർക്കിടയിൽ വസിക്കുന്ന
സ്നോവൈറ്റെന്ന സുന്ദരിയാണ്
നിങ്ങളെക്കാൾ ആയിരംമടങ്ങ്
സുന്ദരി!''

✦

(തുടരും)

